സംസ്ഥാന പബ്ലിക് ഹെൽത്ത് ലാബും ആധുനിക സൗകര്യങ്ങളോടുകൂടി പ്രവർത്തിച്ചുവരുന്നു. ഇതിനുപുറമെ അത്യാധുനിക സൗകര്യങ്ങളോടുകൂടി ഒരു പി.സി.ആർ. ലാബ് സംസ്ഥാന പബ്ലിക് ഹെൽത്ത് ലാബിൽ തുടങ്ങിയിട്ടുണ്ട്.

(ബി) ഉണ്ട്. ആധുനിക ടെസ്റ്റുകൾ കൃത്യമായും അതിസൂക്ഷ്മമായും ചെയ്യുവാൻ സൗകര്യമുള്ള പി.സി.ആർ. ലാബ് 2014 ഫെബ്രുവരി മാസം തിരുവനന്തപുരത്തെ സംസ്ഥാന പബ്ലിക് ഹെൽത്ത് ലാബിനോടനുബന്ധിച്ച് തുടങ്ങിയിട്ടുണ്ട്.

(സി) ആലപ്പുഴയിലുള്ള വൈറോളജി ലാബ്, രാജീവ് ഗാന്ധി സെന്റർ ഫോർ ബയോ ടെക്നോളജി എന്നീ ലാബുകളാണ് പുതിയതരം പനികളുടെ വൈറോളജി പരിശോധന നടത്തിവരുന്നത്. എന്നാൽ ഈ സെന്ററുകളുടെ അപര്യാപ്തത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ചില പ്രത്യേക പനികളുടെ വൈറോളജി പരിശോധന പൂണെയിലെ NIV ലാബിലും മംഗലപുരത്തെ കസ്തൂർബാ ഗാന്ധി ഇൻസ്റ്റിറ്റ്യൂട്ട്, ഡൽഹിയിലുള്ള NCDC-യിലുമാണ് നടത്തിവരുന്നത്.

(ഡി&ഇ) ആലപ്പുഴ നാഷണൽ വൈറോളജി ഇൻസ്റ്റിറ്റ്യൂട്ട്, ആരോഗ്യവകുപ്പിന്റെ അധികാരപരിധിയിൽ വരുന്നതല്ല.

മന്ത് രോഗം

19 (4302) <u>ശ്രീ. വി. ചെന്താമരാക്ഷൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മന്തുരോഗം തടയുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വിശദമാക്കുമോ;

(ബി) പാലക്കാട് ജില്ലയിൽ മന്തുരോഗം റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ടോ; ഏതെല്ലാം പഞ്ചായത്തുകളിലാണ് മന്തുരോഗം സ്ഥിരീകരിച്ചിട്ടുള്ളത്; വിശദാംശം നൽകുമോ;

(സി) ജില്ലയിൽ മന്ത് രോഗം തടയുന്നതിനായി നടത്തിയ പ്രവർത്തനങ്ങൾ വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) രാത്രികാല രക്തപരിശോധന, ജില്ലാ ആശുപത്രികളിൽ നടത്തുന്ന സ്റ്റാറ്റിക് ക്ലിനിക്കുകൾ, മന്തുരോഗ പരിചരണ ക്ലിനിക്കുകൾ, മന്തുരോഗ നിവാരണ ഗുളികകൾ നൽകുക, എല്ലാ പഞ്ചായത്തിലും വാർഡുതലത്തിലുള്ള ആരോഗ്യ ബോധവൽക്കരണ ക്ലാസ്സുകൾ നടത്തുക, മന്തുരോഗം പരത്തുന്ന കൊതുകുകളുടെ

LIBRARY ARCHIVES Kerala Legislative Assembly

നിർമ്മാർജ്ജനം, അന്യസംസ്ഥാന തൊഴിലാളികളുടെ രാത്രികാല രക്തപരിശോധനയും ഗുളിക വിതരണവും, വർഷംതോറും നടത്തുന്ന മന്തുരോഗ സമൂഹ ചികിത്സാ പദ്ധതി (എം.ഡി.എ.) എന്നീ നടപടികൾ മന്തുരോഗം തടയുന്നതിന് സ്വീകരിച്ചിട്ടുണ്ട്.

(ബി) പാലക്കാട് ജില്ലയിൽ മന്തുരോഗം റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. കോങ്ങാട്, പർലി, കോട്ടുവായൂർ, കുഴൽമന്ദം, പഴമ്പാലക്കോട്, വടക്കാഞ്ചേരി, പുതുനഗരം, മലമ്പുഴ, പെരുവമ്പ മുതലായ പഞ്ചായത്തുകളിൽ മന്തുരോഗം സ്ഥിരീകരിച്ചിട്ടുണ്ട്. പാലക്കാട് ജില്ലയിലുള്ള അന്യസംസ്ഥാന തൊഴിലാളികളുടെ രാത്രികാല രക്തപരിശോധനയിൽ ധാരാളം മന്തുരോഗികരെ കണ്ടെത്തുകയും അവർക്ക് വേണ്ട ചികിത്സ നടത്തുകയും ചെയ്തു. മന്തുരോഗം പകർത്തുന്ന കൊതുകുകൾ ഉള്ളതിനാൽ തദ്ദേശീയർക്ക് രോഗം പകരാനുള്ള സാദ്ധ്യത വളരെ കൂടുതലാണ്.

(സി) രാത്രികാല രക്തപരിശോധന, ജില്ലാ ആശുപത്രികളിലെ സ്റ്റാറ്റിക് ക്ലിനിക്കുകൾ, മന്തുരോഗ നിവാരണ ഗുളികകൾ നൽകൽ, മന്തുരോഗ പരിചരണ ക്ലിനിക്കുകൾ, അന്യസംസ്ഥാന തൊഴിലാളികളുടെ രാത്രികാല രക്തപരിശോധനയും ചികിത്സയും, മന്തുരോഗം പരത്തുന്ന കൊതുകുകളുടെ നിർമ്മാർജ്ജനം, വർഷംതോറും നടത്തുന്ന സമൂഹ ചികിത്സാ പദ്ധതി, വാർഡുതലത്തിൽ നടത്തുന്ന ബോധവൽക്കരണ ക്ലാസ്സുകൾ ഇതൊക്കെയാണ് ജില്ലയിൽ മന്തുരോഗം തടയുന്നതിനായി നടത്തിയ പ്രവർത്തനങ്ങൾ.

ദേശീയ ആരോഗ്യ മിഷൻ ഫണ്ടിന്റെ ഫലപ്രദമായ വിനിയോഗം

20 (4303) <u>ശ്രീ. എ. എ. അസീസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ദേശീയ ആരോഗ്യ മിഷൻ വഴി എത്ര രൂപയാണ് 2013-14 വർഷം ലഭ്യമായത്;

(ബി) ഈ വർഷം നാളിതുവരെ എത്ര തുക ലഭിച്ചു;

(സി) തുക ഫലപ്രദമായി വിനിയോഗിക്കാൻ വകുപ്പിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് ദേശീയ ആരോഗ്യ മിഷൻവഴി 2013-14 വർഷം 280.567 കോടി രൂപയാണ് അനുവദിച്ചത്.

(ബി) ഈ വർഷം നാളിതുവരെ 165.34 കോടി രൂപ ലഭിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly